# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **22.05.2017-ന് മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 5028**

## പൊതുവിദ്യാഭ്യാസ സംരക്ഷണ യഞ്ജം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.സി. ജോർജ് | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

(എ) ഈ സർക്കാർ 2017 ജനുവരി 27 ന് സംസ്ഥാനതല ഉത്ഘാടനം നടത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി ഇപ്പോൾ ഏതു ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(എ) 2017 ജനുവരി 27ന് സംസ്ഥാനതല ഉദ്ഘാടനം നടത്തിയ 'പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം' പദ്ധതിയുടെ ഭാഗമായി വിവിധ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ഒരു നിയോജക മണ്ഡലത്തിൽ ഒരു സ്കൂൾ എന്ന കണക്കിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടേണ്ട സ്കൂളുകളുടെ മാസ്റ്റർ പ്ലാനും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കി വരുന്നു. ആദ്യഘട്ടത്തിൽ പദ്ധതി നിർവ്വഹണം നടത്തുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് KIIFB-യിൽനിന്നുള്ള ധനസഹായത്തിനായി KIIFB-പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്ന നടപടിക്രമങ്ങളും പുരോഗമിച്ചുവരുന്നു. പദ്ധതിയുടെ ഭാഗമായി 8 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. മികച്ച അദ്ധ്യയന നിലവാരം ഉറപ്പുവരുത്തുന്നതിനായി അദ്ധ്യാപക ശാക്തീകരണത്തിന്റെ ഭാഗമായി കാലാനുസൃത മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് അദ്ധ്യാപക പരിശീലന പരിപാടികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 'ക്യാമ്പസ് തന്നെ പാഠപുസ്തകം' എന്ന

കാഴ്ചപ്പാടിൽ ജൈവവൈവിദ്ധ്യ ഉദ്യാനം സജ്ജമാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പദ്ധതി ഇപ്പോൾ പാതി വഴിയിലായി മുടങ്ങിക്കിടക്കുകയാണെന്ന വസ്തുത വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇതിനെ പുനരുജ്ജീവിപ്പിയ്ക്കാൻ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

(ബി) & (സി) പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്ന സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ പദ്ധതി നിർവ്വഹണത്തിനാവശ്യമായ ധനസഹായം ലഭ്യമാക്കുന്നതിനായി കിഫ്ബിയുടെ പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അദ്ധ്യാപക ശാക്തീകരണത്തിനായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അദ്ധ്യാപക പരിശീലന പരിപാടികൾ മദ്ധ്യവേനലവധിക്കാലത്ത് നടന്നുവരുന്നു. 8 മുതൽ 12 വരെ ക്ലാസുകൾ ഹൈടെക് ആക്കുന്ന നടപടികളും പുരോഗമിച്ചുവരുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി 'ക്യാമ്പസ് തന്നെ പുസ്തകം' എന്ന ആശയം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി 'ജൈവവൈവിദ്ധ്യ ഉദ്യാനം സ്കൂളുകളിൽ' എന്ന പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.
പദ്ധതി മുന്നോട്ടുള്ള പ്രയാണത്തിലായതിനാൽ പാതിവഴിയിൽ മുടങ്ങിക്കിടക്കുകയാണ് എന്ന പ്രസ്താവന അപ്രസക്തമാണ്.

സെക്ഷൻ ഓഫീസർ